(എ) കെ.എസ്.ഇ.ബി. ഡിവിഷന്റെ കീഴിലുള്ള കുരിയിച്ചിറ സെക്ഷൻ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്നും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ ഓഫീസ് മാറ്റുന്നത് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉപഭോക്താക്കൾക്ക് പ്രയാസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന ഓഫീസ് മാറ്റ നടപടികൾ നിർത്തിവെക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനങ്ങൾക്ക് ബുദ്ധിമുട്ട് കഴിയുന്നതും ഒഴിവാക്കി സൗകര്യപ്രദമായ ഒരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനാണ് ശ്രമിക്കുന്നത്.

(സി) സെക്ഷൻ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം ഇടിഞ്ഞു വീഴാനിടയുള്ള വിധത്തിൽ അപകടകരമായ സ്ഥിതിയിലാണ്. ആയതിനാൽ ഓഫീസ് പൊതുജനങ്ങൾക്ക് സൗകര്യമുള്ള മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

തിരദേശ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ

102 (1254) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ കടലോരത്ത് എത്ര മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് തീരദേശ പദ്ധതി പ്രകാരം വൈദ്യുതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) അപേക്ഷ നൽകിയ എല്ലാ കുടുംബങ്ങൾക്കും പെട്ടെന്ന് കണക്ഷൻ നൽകുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) 114 പേർക്ക് വൈദ്യുതി നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് 7 കുടുംബങ്ങൾക്ക് കണക്ഷൻ നൽകുവാനുണ്ട്. കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂർ 66 കെ.വി. സ്റ്റേഷൻ 110 കെ.വി. സ്റ്റേഷനാക്കി ഉയർത്തണമെന്ന ആവശ്യം

103 (1255) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ 66 കെ.വി. സ്റ്റേഷൻ 110 കെ.വി. സ്റ്റേഷനാക്കി ഉയർത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly